കമ്പനികളാണ് സ്ഥാപിച്ചത് എന്നും വിശദമാക്കാമോ ;

(സി) ഇതിൽ ഏതൊക്കെ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട് എന്നും മറ്റുള്ളവ എപ്പോഴൊക്കെയാണ് തകരാറിലായത് എന്നും വിശദമാക്കാമോ ;

(ഡി) ഇതിൽ വൈദ്യുത ബോർഡിന് എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട് എന്നും ഈ യൂക ഇത് സ്ഥാപിച്ച കമ്പനിയിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ ;

(ഇ) ഉണ്ട് എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ &ബി) അനുബന്ധമായി ചേർക്കുന്നു. *

(സി) കുളമാവ്, ഇടുക്കി, ആലടി എന്നിവിടങ്ങളിലെ അനലോഗ് ടൈപ്പിലുള്ള പഴയ ഉപകരണങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നു.

2014-ൽ സ്ഥാപിച്ച കുളമാവ്, ആലടി, ചോറ്റുപാറ, വള്ളക്കടവ്, മീൻകുട്ട് എന്നിവിടങ്ങളിലുള്ള ഡിജിറ്റൽ ട്രങ്കിംഗ് കമ്മ്യൂണിക്കേഷൻ കേടുകൂടാതെ പ്രവർത്തിക്കുന്നുണ്ട്.

മീൻകുട്ട്, വള്ളക്കടവ്, ചോറ്റുപാറ എന്നിവിടങ്ങളിലെ പഴയ ട്രങ്കിംഗ് കമ്മ്യൂണിക്കേഷൻ യഥാക്രമം 2002, 01/2014, 04/2014 എന്നീ കാലയളവു മുതൽ പ്രവർത്തിക്കുന്നില്ല.

(ഡി) പുതുതായി സ്ഥാപിച്ചിട്ടുള്ള എല്ലാ നിലയങ്ങളിലെയും ട്രങ്കിംഗ് കമ്മ്യൂണിക്കേഷൻ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഇടിമിന്നൽ, വോൾട്ടേജ് വ്യതിയാനം മുതലായ കാരണങ്ങളാൽ ഉണ്ടാകുന്ന താൽക്കാലിക തകരാറുകൾ അപ്പോഴപ്പോൾതന്നെ പരിഹരിക്കുന്നുണ്ട്. ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള ഡിജിറ്റൽ നിലയങ്ങൾക്ക് 6 വർഷത്തെ മെയിന്റനൻസ് കരാർ നിലവിലുണ്ട്. ആയതിനാൽ വൈദ്യുതി ബോർഡിന് ഇതുസംബന്ധിച്ച് യാതൊരു നഷ്ടവും സംഭവിച്ചിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ഊർജ്ജ സംരക്ഷണത്തിനായി ആവിഷ്കരിച്ച പുതിയ പദ്ധതികൾ

25 (365) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ സംരക്ഷണത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച പുതിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതികൾ പ്രകാരം ഓരോ വർഷവും എത്ര മെഗാവാട്ട് വൈദ്യുതി ലാഭിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഊർജ്ജസംരക്ഷണത്തിനായി എനർജി മാനേജ്മെന്റ് സെന്റർ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. വിവിധ മേഖലകളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി വിവിധതരം ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

2. വ്യവസായശാലകളിൽ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായി (HT/EHT) ഉപഭോക്താക്കൾക്ക് ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്.

3. വ്യവസായശാലകളിൽ ഊർജ്ജ ആഡിറ്റ് നടത്തുന്നതിനായി ഇരുപത്തിയേഴോളം ഊർജ്ജ ആഡിറ്റർമാരെ എംപാനൽ ചെയ്തിട്ടുണ്ട്.

4. വ്യവസായശാലകളിൽ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി കെ.എഫ്.സി. മുഖാന്തിരം 6% പലിശ നിരക്കിൽ വായ്പകൾ നൽകിവരുന്നു.

5. സർക്കാർ ഓഫീസുകളിൽ വൈദ്യുത ഉപഭോഗം കുറയ്ക്കുന്നതിനായി 29 സർക്കാർ ഓഫീസുകളിൽ ഊർജ്ജ ആഡിറ്റിംഗ് നടത്തുകയും 7 സർക്കാർ ഓഫീസുകളിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ഉപകരണങ്ങൾ മാറ്റി പകരം വൈദ്യുത ഉപഭോഗം കുറഞ്ഞ ഊർജ്ജകാര്യക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്തു.

6. ഗാർഹിക മേഖലയിൽ ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിലേയ്ക്കായി ഊർജ്ജക്ലിനിക് പ്രോഗ്രാം നടപ്പിലാക്കിവരുന്നു. വിദ്യാർത്ഥികളിൽ ഊർജ്ജ

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷണ അവബോധം വളർത്തുന്നതിലേയ്ക്കായി സ്റ്റാർട്ട് എനർജി പ്രോഗ്രാം നടപ്പിലാക്കിവരുന്നു. ഇതിനുപുറമെ ഊർജ്ജസംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധയിനം മത്സരപരിപാടികളും നടപ്പിലാക്കിവരുന്നു.

7. വിവിധ മേഖലകളിൽ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പിലാക്കിവരുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കേരള സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ് നൽകി ആദരിച്ചുവരുന്നു.

8. ഊർജ്ജകാര്യക്ഷമത കൂടിയ തെരുവുവിളക്കുകളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനായി കേരളത്തിലെ 60 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും 45watts ശേഷിയുള്ള 100 വീതം എൽ.ഇ.ഡി. അധിഷ്ഠിതമായ തെരുവുവിളക്കുകൾ സ്ഥാപിച്ചു പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

9. സർക്കാർ മേഖലയിലെ HT വൈദ്യുത ഉപഭോക്താക്കളായ വ്യവസായ ശാലകൾക്കും കെട്ടിടങ്ങൾക്കും ഊർജ്ജ ഓഡിറ്റിംഗ് നടത്തുന്നതിന് 50 ശതമാനം ധനസഹായം. (പരമാവധി 50000 രൂപ) അനുവദിച്ചുവരുന്നുണ്ട്.

10. ഈ വർഷം സംസ്ഥാനത്തെ 6 സിവിൽ സ്റ്റേഷനുകൾ ഊർജ്ജ ഓഡിറ്റിംഗ് നടത്തുന്ന പദ്ധതി പുരോഗമിച്ചുവരുന്നു.

(ബി) ഈ പദ്ധതി പ്രകാരം ഓരോ വർഷവും 33 മെഗാവാട്ട് വൈദ്യുതി ലാഭിക്കാൻ കഴിയുന്നു.

വൈദ്യുതി പ്രതിസന്ധി

26 (366) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനം കടുത്ത വൈദ്യുതപ്രതിസന്ധിയിലേയ്ക്ക് നീങ്ങാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ?

<u>ഉത്തരം</u>

കേരളത്തിലെ വൈദ്യുത നിലയങ്ങളുടെ സ്ഥാപിതശേഷി, ഇപ്പോഴത്തെ വൈദ്യുതിയുടെ ആവശ്യകത നിറവേറ്റാൻ പര്യാപ്തമല്ല. സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നതിന് വലിയ ഉത്പാദന നിലയങ്ങൾ ആരംഭിക്കുന്നത് പാരിസ്ഥിതിക പ്രശ്നങ്ങൾ കാരണവും പൊതുജനങ്ങളുടെ എതിർപ്പുമൂലവും തടസ്സപ്പെട്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly